പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 1872

14.7.2011-ൽ മറുപടിയ്ക്ക്

## ആലപ്പുഴയിലെ ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസിൻെറ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി.കെ.സദാശിവൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴയിലെ ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസിൻെറ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;<br><br>(ബി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (എ) യും (ബി) യും<br><br>ഉണ്ട്; ആലപ്പുഴയിലെ ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസിൻെറ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. പുനരുദ്ധാരണത്തിനുശേഷം കെ.എസ്.ഡി.പി-യുടെ ഉല്പാദനം ത്വരിതപ്പെടുത്തുകയും 2009-2010-ലും, 2010-2011-ലും കമ്പനി പ്രവർത്തന ലാഭത്തിലാകുകയും ചെയ്തു. 2010-2011-ൽ 33.5 കോടി രൂപ ഉല്പാദനം നേടുകയും, 4.7 കോടി അറ്റാദായം ഉണ്ടാവുകയും ചെയ്തു. ഉൽപ്പാദന-വിപണന പട്ടിക എല്ലാ മാസവും റിയാബിന് സമർപ്പിക്കുന്നുണ്ട്. 2011-12-ൽ 55 കോടി ഉല്പാദനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 1st quarter- ൽ 8.08 കോടി ഉല്പാദനം കൈവരിക്കുകയും ഒരു കോടി 11 ലക്ഷം രൂപയുടെ മൊത്തലാഭമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. അറ്റാദായം 68 ലക്ഷം രൂപയാണ്. |
| (സി) അവിടെ ഉല്പാദിപ്പിക്കുന്ന മരുന്നുകൾ മുഴുവനും സർക്കാർ ആശുപത്രികളുടെ ആവശ്യത്തിലേക്ക് നീക്കിവയ്ക്കാൻ നിർദ്ദേശം നൽകുമോ; | (സി) ഇപ്പോൾ അവിടെ ഉല്പാദിപ്പിക്കുന്ന മുഴുവൻ ഉല്പന്നങ്ങളും സർക്കാരുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളാണ് വാങ്ങുന്നത്. |
| (ഡി) പുതിയ പ്ലാൻറുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള പ്ലാൻറുകളുടെ പ്രവർത്തനം പിപുലീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) ആവശ്യമുണ്ടെങ്കിൽ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ